# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/588/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/588/2023 തീയ്യതി: 03/04/2023

## മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2021 മുതൽ 20-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 20-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ്. എം. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ്. പി. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എൻ. എം. സുഹറാബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പി. കെ. രാജശേഖരൻ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ. സന്തോഷ്. പി. കെ (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 13-07-2021 |
| ശ്രീ. റ്റിജി തോമസ് | സെക്രട്ടറി | 14-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ്. പി. കെ. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ജോർജ്ജ് സക്കറിയ | അസി.എഞ്ചിനീയർ | 01-04-2021 | 03-12-2021 |
| ശ്രീ. ഷനൂപ്. എം. ജി. | അസി.എഞ്ചിനീയർ | 04-12-2021 | 13-12-2021 |
| ശ്രീ. ജാബിർ. ഇ. | അസി.എഞ്ചിനീയർ | 14-12-2021 | 31-03-2022 |
| ശ്രീമതി. രേഷ്മ. എൻ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഗ്രീഷ്മ ഗിരിജൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹഫ്സത്ത് അടാട്ടിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സ്മിത. പി. | വി.ഇ.ഒ | 01-04-2021 | 01-08-2021 |
| ശ്രീ. സിജിൻ. കെ. | വി.ഇ.ഒ | 02-08-2021 | 31-03-2022 |
| ഡോ. അർഷാദ്. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. രഘുനാഥൻ. എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. മുരളി | ഹെഡ് മാസ്റ്റർ, GLPS, വെളിമുക്ക് | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-12 |
| 13 | വാണിജ്യകെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-13 |
| 14 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ നടത്തുന്ന വ്യവസായ സംരംഭത്തിന് ലൈസൻസ് - തുടർനടപടി സ്വീകരിച്ചില്ല | 1-14 |
| 15 | വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 1-15 |
| 16 | മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-16 |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 18 | GST തെറ്റായി അനുവദിച്ചു - ₹131185 അധികച്ചെലവ് | 1-18 |
| 19 | വിവിധ അംഗൻവാടി ഇന്റർലോക്ക് ചുറ്റുമതിൽ നിർമ്മാണം (പ്രൊജക്റ്റ് 145/22) | 1-18-1 |
| 20 | ചേളാരിപറമ്പ് ഡ്രൈനേജിന് സ്ലാബിടുക ( പ്രൊജക്റ്റ് 143/22) | 1-18-2 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ - കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-19 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-20 |
| 23 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. | 1-21 |
| 24 | അംഗൻവാടി പോഷകാഹാരം - പൊതു അപാകതകൾ | 1-22 |
| 25 | ന്യൂട്രിമാം കുറവായി ലഭിച്ചത് -ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് അപാകത പരിഹരിച്ചു. | 1-23 |
| 26 | വാട്ടർടാപ്പ്-സംയുക്ത പരിശോധനക്ക് ശേഷവും നിരക്ക് കുറച്ചില്ല | 1-24 |
| 27 | സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം. | 1-25 |
| 28 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-26 |

| | | |
|---|---|---|
| 29 | മെഡിക്കൽ ഓഫീസർ ആയുർവേദം- SIDCO യിൽ നിന്നുള്ള വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-27 |
| 30 | ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം | 1-28 |
| 31 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല | 1-29 |
| 32 | സമഗ്ര നെൽ കൃഷി വികസനം- രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. | 1-30 |
| 33 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | GST തെറ്റായി അനുവദിച്ചു - ₹131185 അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./ തിയ്യതി | 2021-22 ലെ ബജറ്റ് പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| 1(1)/19.02.2021 | (1)/25.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.07.2022 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 7,34,25,391.85 |
| വരവ് | 24,49,60,412 |
| ആകെ | 31,83,85,803.85 |
| ചെലവ് | 17,80,56,233 |
| നീക്കിയിരിപ്പ് | 14,03,29,570.85 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 2,85,87,718 | 2,85,87,718 | 2,79,29,043 | 6,58,675 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 68,40,000 | 68,40,000 | 67,75,699 | 64,301 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 1,29,69,379 | 1,29,69,379 | 70,87,730 | 58,81,649 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ് | 0 | 97,45,257 | 97,45,257 | 59,08,321 | 38,36,936 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) | 0 | 89,62,496 | 89,62,496 | 47,36,668 | 42,25,828 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED) | 0 | 92,14,000 | 92,14,000 | 39,34,490 | 52,79,510 |
| ബി ഫണ്ട് | 0 | 11,49,95,540 | 11,49,95,540 | 11,49,95,540 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗിക-മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാ-ത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ടു-കളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 13,81,37,682 | 122 | 9,14,40,310 | 0 | 53 | 69.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,19,690 | 7,18,725 | 10,38,415 | 10,25,239 | 13,176 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,71,83,606 | 1,71,83,606 | 1,71,83,606 | 0 |
| ആകെ | 3,19,690 | 1,79,02,331 | 1,82,22,021 | 1,82,08,845 | 13,176 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20,640 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 41,31,200 | 199 |
| വിധവാ പെൻഷൻ | 3,52,60,800 | 1835 |
| വാർദ്ധക്യകാല പെൻഷൻ | 6,10,50,400 | 3267 |
| വികലാംഗ പെൻഷൻ | 1,29,08,900 | 685 |
| വിവാഹ ധനസഹായം | 1,50,000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14,73,600 | 75 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.03.2023ന് 12:10 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47347 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ജി.ഒ. (എം.എസ്) 10/17/തസ്വഭവ തി. 09.01.17 പ്രകാരം പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ പ്രൊജക്ടുകളും പ്രത്യേകമായി മോണിറ്ററിംഗ് നടത്തേണ്ടതും റിപ്പോർട്ടുകൾ പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. (വർക്കിംഗ് ഗ്രൂപ്പുകൾ സംബന്ധിച്ചുള്ള പ്രത്യേക ഖണ്ഡിക കാണുക)

2. സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം നിർദ്ദിഷ്ട രൂപത്തിലല്ല.

കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ

പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണിച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും 4) കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ (ഗവ.സർക്കുലർ 86/2010/ഫിൻ. തീ.24.09.10) വാറണ്ടി ഉൾപ്പെടെയുള്ള വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും,സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ല.

3. ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

*രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, പദ്ധതി നിർവ്വഹണം എന്നിവയിലെ പോരായ്മകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.*

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 | 06/2022 മുതൽ 10/2022 വരെ | 16.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2019 മുതൽ 15.07.2019 വരെ | 1997-1998 മുതൽ 2005-2006 വരെ | 05.10.2019 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ

മുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക അപാകതകൾ:

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. MGNREGS ആകെ ചെലവ് തുക (EFMS+Admin) വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-14 A, MGNREGS ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഷെഡ്യൂൾ I-14 A | MGNREGS ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | വ്യത്യാസം (₹) |
|---|---|---|
| 1,82,03,230 | 1,82,08,845 | 5615 |

3. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് |
|---|---|
| രജിസ്റ്റർ | 16,46,810 |
| വാർഷിക ധനകാര്യപത്രിക | 16,66,560 (I-1) |

4. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 31.03.2022 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | അക്കൗണ്ട് ശീർഷകം | ബാങ്ക് അക്കൗണ്ട് | B-17 പ്രകാരം നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|
| 1 | 450410101 | STATE BANK OF TRAVANCORE-PENSION | 9,48,608 |

| | | | |
|---|---|---|---|
| | | | |
| 2 | 450250110 | TSB (OWN FUND) A/C | 2,67,685 |
| 3 | 450430101 | Velimukku Service Co-op. Bank Ltd. Distress | 17,851 |
| 4 | 450630102 | Velimukku Service Co-op. Bank Ltd. Literacy | 1,007 |

5. 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 6,75,94,727/- രൂപ ആണെങ്കിലും ട്രയൽ ബാലൻസിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുള്ളത് 5,73,97,985/- രൂപയാണ്. വ്യത്യസമുള്ള 1,01,96,742/- രൂപ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് സംഗ്രഹം പ്രകാരം ഈയിനത്തിലെ തൻവർഷ തുകയാണെങ്കിലും ഈ വിവരം ട്രയൽ ബാലൻസിൽ പ്രതിഫലിച്ചിട്ടില്ല.

6. ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 2021-22 വർഷത്തെ വിവരം രേഖപ്പെടുത്താത്തതിനാൽ RP-10 ഷെഡ്യൂൾ പ്രകാരം 180400101 ശീർഷകത്തിലുള്ള 16,350/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നിവർക്ക് കൈമാറിയ തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board | | | |
|---|---|---|---|
| | മുന്നിരിപ്പ് (ട്രയൽ ബാലൻസ്) | തൻവർഷം നൽകിയത് (RP-47) | നീക്കിയിരിപ്പ് (B-18) |
| അഡ്വാൻസ് രജിസ്റ്റർ | 11,90,424* | രേഖപ്പെടുത്തിയില്ല | രേഖപ്പെടുത്തിയില്ല |
| വാർഷിക ധനകാര്യപത്രിക | 12,88,444 | 1,47,107 | 14,35,551 |
| 460500204 - Advance To Implementing Agencies - Deposit With Ground Water Department | | | |
| | മുന്നിരിപ്പ് (ട്രയൽ ബാലൻസ്) | തൻവർഷം ക്രമീകരിച്ചത് (RP-47) | നീക്കിയിരിപ്പ് (B-18) |
| അഡ്വാൻസ് രജിസ്റ്റർ | 3,17,976 | രേഖപ്പെടുത്തിയില്ല | 3,17,976 |
| വാർഷിക ധനകാര്യപത്രിക | 3,17,976 | 1,13,590 | 2,04,386 |

*കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് മുന്നിരിപ്പ് രജിസ്റ്റർ പ്രകാരം ആകെ ₹12,88,444/- ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകകൾ പ്രത്യേകമായി കൂട്ടിയെടുക്കുമ്പോൾ ലഭിക്കുന്നത് ₹11,90,424/- ആണ്.

8. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം ഈയിനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. ആസ്തികൾക്ക് I-17(A) ഷെഡ്യൂൾ പ്രകാരം തൻവർഷ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

10. വാർഷിക കണക്കിൽ തുക ദശാംശ സംഖ്യകളായി രേഖപ്പെടുത്തിയിരിക്കുന്നു [RP40(a),40(b)]. തുകകൾ പൂർണ്ണ സംഖ്യയായി രേഖപ്പെടുത്തേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ 28.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 15ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവിലെ അപാകതകൾ

മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ, ഏതാനും ജീവനക്കാരും സ്ഥാപനങ്ങളും 2021-22 വർഷത്തിൽ തൊഴിൽ നികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടു.

1. താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മലപ്പുറം നിധി ലിമിറ്റഡ് | 2nd |
| 2 | നിബ്രാസ് സെക്കന്ററി സ്കൂൾ മൂന്നിയൂർ | 1st, 2nd |

ഇത് സംബന്ധിച്ച് 27.03.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി നം. 10 നൽകിയതിനെ തുടർന്ന് ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥാപനം പിഴ തുകയടക്കം 1792 രൂപ രസീത് 1220307048/ 29.03.2023 പ്രകാരം അടവാക്കി. ക്രമ നമ്പർ 2 ൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-13 വാണിജ്യകെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.
100 ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60/- രൂപ/ ച.മീ.
100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 70/- രൂപ / ച.മീ

ചെറിയ തറ വിസ്തീർണ്ണത്തിൽ (100 ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങളിൽ ചിലതിന് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപ പരിഗണിക്കേണ്ടതിനു പകരം 60/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് ഉള്ളതിനാലാണ് ഇത്തരത്തിൽ, ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതും ചെറിയ മുറികളായി തിരിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി, കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം പ്രസ്തുത ചട്ടം ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ച് ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി നികുതി നഷ്ടം സംഭവിക്കുന്നു. താഴെ കൊടുത്ത കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് (60/-) നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്ര. നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (M2) | ആകെ വിസ്തീർണ്ണം (M2) | ഉടമയുടെ പേര് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4/283/D | 37.22 | 153.27 | ഷറഫുദ്ദീൻ, ഭാര്യ ഫാത്തിമ സുഹറ, കുതിരേടത്ത് ഹൗസ് , വൈക്കത്തപ്പാടം, വെളിമുക്ക് |
| 2 | 4/283/E | 18.00 | | |
| 3 | 4/283/F | 18.00 | | |
| 4 | 4/283/G | 40.05 | | |
| 5 | 4/283/H | 20.00 | | |
| 6 | 4/283/I | 20.00 | | |
| 8 | 5/529/G | 20.08 | 180.72 | കോട്ടായി കോയമോൻ, അബ്ദുൾ അസീസ്,അബ്ദുൾ റഷീദ്,അബ്ദുൾ ലത്തീഫ് , കോട്ടായി ഹൗസ് , പടിക്കൽ, വെളിമുക്ക് പി ഒ, 676317<br><br>കദീജ. സഫിയ, ഷെരീഫ, റംല , കോട്ടായി ഹൗസ് , പടിക്കൽ |
| 9 | 5/529/H | 20.08 | | |
| 10 | 5/529/I | 20.08 | | |
| 11 | 5/529/O | 20.08 | | |
| 12 | 5/529/P | 20.08 | | |
| 13 | 5/529/Q | 20.08 | | |
| 14 | 5/529/R | 20.08 | | |
| 15 | 5/529/S | 20.08 | | |
| 16 | 5/529/T | 20.08 | | |

100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി. ചട്ടം 4(1),5(2) എന്നിവയ്ക്കനുസൃതമായി 70/- രൂപ അടിസ്ഥാന നികുതി പരിഗണിക്കാതെ 60/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം വർഷം തോറും സംഭവിക്കുന്നു. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 29.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 28ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ നടത്തുന്ന വ്യവസായ സംരംഭത്തിന് ലൈസൻസ് - തുടർനടപടി സ്വീകരിച്ചില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ താഴെപ്പറയുന്ന വിനിയോഗത്തിലെ കെട്ടിടങ്ങൾക്ക് അംഗീകരിച്ചിട്ടുള്ള വസ്തുനികുതി നിരക്കുകൾ ഇപ്രകാരമാണ് .

പാർപ്പിട ആവശ്യത്തിനുള്ളവ : 3/- രൂപ/ ച.മീ.

ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ : 50 /- രൂപ / ച.മീ

മൂന്നിയൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3-ൽ ശ്രീമതി. രമണി.കെ.കെ. എന്നവരുടെ ഉടമസ്ഥതയിലുള്ള 548 നമ്പർ കെട്ടിടത്തിൽ “മൂൺലൈറ്റ് സർവ്വീസ് സെന്റർ” എന്ന പേരിൽ 10HP മോട്ടോർ ഉപയോഗിച്ച് വാഹനങ്ങൾക്ക് സ്പ്രേ പെയിന്റ് ചെയ്യുന്ന സ്ഥാപനത്തിന് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കുന്നതിനായി A3-2051/21, തീ. 12.02.21 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ഫീസ് അടവാക്കിയിട്ടുള്ളതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ കെട്ടിടം പാർപ്പിട ഗണത്തിൽ ഉൾപ്പെടുന്നതാണെന്ന് വാർഡ് ക്ലർക്ക് ലൈസൻസ് അപേക്ഷയിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അപാകത മുൻവർഷങ്ങളിൽ ശ്രദ്ധയിൽപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട്, വിനിയോഗ ഗണം മാറ്റം വരുത്തി ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്ന് സെക്രട്ടറി 19.04.21 തീയ്യതിയിൽ ഫയലിൽ രേഖപ്പെടുത്തി.ലൈസൻസ് പുതുക്കി നൽകിയതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ഈ കെട്ടിടം നിലവിലും പാർപ്പിട ഗണത്തിൽ തുടരുന്നതായി ബോധ്യപ്പെട്ടു. ഇതര വ്യവസായ ആവശ്യങ്ങൾക്ക് എന്ന് വിനിയോഗ ഗണം മാറ്റാതിരുന്നതിനാൽ വർഷം തോറും വസ്തുനികുതി നിരക്കിൽ കുറവ് വരുന്നുണ്ട്. അപാകത പരിഹരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 29ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന് ശരിയായ ഗണത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കേണ്ടതും, തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B-15 ഷെഡ്യൂൾ പ്രകാരം31-03-2022ന് ലഭ്യമാകുവാനുള്ള വസ്തു നികുതിയിനത്തിലെ കുടിശ്ശിക വിവരം താഴെ പട്ടിക പ്രകാരമാണ്.

| ഇനം | കുടിശ്ശിക |
| --- | --- |
| Receivables For Property Tax On Residential Buildings (Current) | 910,149.00 |
| Receivables For Property Tax On Residential Buildings (Arrears) | 206,113.00 |
| Receivables For Property Tax On Non-Residential Buildings (Current) | 1,725,666.00 |
| Receivables For Property Tax On Non-Residential Buildings (Arrears) | 73,340.00 |
| State Govt. Cesses/ Levies In Property Taxes - Control Account | (144,361.00) |
| Total | 2,770,907.00 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/28-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അഡ്വാൻസുകൾ ഓഡിറ്റ് തിയതിയിലും ക്രമീകരിക്കാനവശേഷിക്കുന്നു.

| ഇനം | തുക (₹) | റിമാർക്സ് |
| --- | --- | --- |
| ഫെസ്റ്റിവൽ അഡ്വാൻസ് | 6,000 | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| കെ.എസ്.ഇ.ബി | 14,35,551 | തൻവർഷം നൽകിയത് 1,47,107/- രൂപ |
| കേരള വാട്ടർ അതോറിറ്റി | 42,90,000 | - |
| ഭൂജല വകുപ്പ് | 2,04,386 | - |
| ആകെ | 59,35,937 | |

ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. രജിസ്റ്ററിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (അന്വേഷണക്കുറിപ്പ് 19/28.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ അതാതിനു നേരെ കാണിച്ച രേഖകൾ ലഭ്യമല്ല.

| ക്രമനമ്പർ | പ്രോജക്ട് പേര്/നമ്പർ /ഫണ്ട് | തുക | വൗച്ചർ/ബിൽ നമ്പർ , തിയതി | ലഭ്യമല്ലാത്ത രേഖ |
| --- | --- | --- | --- | --- |
| 1 | എസ് എസ് എ വിഹിതം അടവാക്കൽ,1/22 വികസനഫണ്ട് | 25,00,000 | 10/21-22തി 22.9.21 | വിനിയോഗ സാക്ഷ്യപത്രം |
| 2 | ജില്ലാ പഞ്ചായത്ത് ഡയാലിസിസ് സെന്ററിനു വിഹിതം 218/22 തനതു ഫണ്ട് | 1,50,000 | 22100874 തി 8.3.22 | വിനിയോഗ സാക്ഷ്യപത്രം |
| 3 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ: കെ.എസ്.ഇ.ബിയിൽ തുക അടവാക്കൽ 220/22 തനതു ഫണ്ട് | 147107 | 22100952തി 30.3.22 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |

പരാമർശിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 27,97,107 രൂപ തടസ്സം

ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി 20/28-03-2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-18 GST തെറ്റായി അനുവദിച്ചു - ₹131185 അധികച്ചെലവ്

GST വിഹിതം പ്രത്യേകമായി വകയിരുത്തി നൽകാൻ അർഹതയില്ലാത്ത എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് കാരണം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.

VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. ഇതനുസരിച്ച് മലപ്പുറം ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 131.06 ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. 31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ .

എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി GST വിഹിതം പ്രവൃത്തികളുടെ നിരക്കിൽ തന്നെ ഉൾപ്പെടുന്ന 37.25% എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ബിൽ നൽകിയപ്പോൾ 12% GST വിഹിതം അധികമായി ഉൾപ്പെടുത്തി പണം നൽകിയത് വഴിയാണ് പഞ്ചായത്തിന് അധികച്ചെലവുണ്ടായത്.

വിശദ വിവരം താഴെ നൽകുന്നു.

### 1-18-1 വിവിധ അംഗൻവാടി ഇന്റർലോക്ക് ചുറ്റമതിൽ നിർമ്മാണം (പ്രൊജക്ട് 145/22)

സാങ്കേതികാനുമതി – 10821/18-19 Dt 04.01.2019 ₹810,000 (CI 37.25%)
പുതുക്കിയ സാങ്കേതികാനുമതി – 1082112/18-19 Dt 13.03.2020
എം ബുക്ക് – 190/18-19
മൂല്യനിർണ്ണയം – 553038.31 രൂപ

| കരാറുകാരന് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|
| ₹ 619403<br>( 553038.3 + 66364.6 (12% GST)<br>(ബിൽ നം 21150652038300380191/ 06.09.2021) | ₹553038<br>(മൂല്യ നിർണ്ണയ തുക) | 66365 |

GST വിഹിതം പ്രത്യേകമായി അനുവദിക്കാൻ അനുമതിയില്ലാത്ത എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ ₹66365 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/25.03.2023 ) പരാമർശം പണം നൽകിയ കാലയളവിലെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

### 1-18-2 ചേളാരിപറമ്പ് ഡ്രൈനേജിന് സ്ലാബിടുക ( പ്രൊജക്ട് 143/22)

സാങ്കേതികാനുമതി – 61926/18-19 Dt 03.07.2018 ₹1200000 (CI 37.25%)
പുതുക്കിയ സാങ്കേതികാനുമതി - 61926/18-19 Dt 25.12.2018 ₹695000
എം ബുക്ക് - 187/18-19
മൂല്യനിർണ്ണയം – 540164

| കരാറുകാരന് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|
| 604984<br>( 540164 + 64820 12% GST)<br>₹404984- Vr No 22100449/24.09.2021) , ₹200000-BillNo 21150652038300595117/ 01.11.2021 ) | ₹540164<br>(മൂല്യ നിർണ്ണയ തുക) | 64820 |

GST വിഹിതം പ്രത്യേകമായി അനുവദിക്കാൻ അനുമതിയില്ലാത്ത എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ ₹

64820 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/22.03.2023) പരാമർശം പണം നൽകിയ കാലയളവിലെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-19 അസിസ്റ്റന്റ് എഞ്ചിനീയർ - കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം. ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.കാഷ്ബുക്ക് ദിനേനെ, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2.2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല. ( ഉദാ- ബാങ്ക് അക്കൗണ്ടിൽ വരവ് വരുന്ന ടെണ്ടർ ഫീ വരവ് , ചെലവ് വിവരങ്ങൾ )

3.അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

4.ബാങ്ക് ട്രഷറി റികൺസിലിയേഷൻ പത്രിക തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/29.03.2023) തുടർന്നുള്ള കാലയളവിൽ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കാഷ്ബുക്ക് ശരിയായി എഴുതി തയ്യാറാക്കേണ്ടതാണ്.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

എഞ്ചിനീയറിംഗ് വിഭാഗം 2021-22 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 90 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 63 പ്രൊജക്ടുകളിലായി ആകെ 2,84,34,891 രൂപയാണ് തൻവർഷം ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 90 | ആകെ അടങ്കൽ | 4,66,29,597 |
| നടപ്പിലാക്കിയത് | 63 | ചെലവ് | 2,84,34,891 |
| ശതമാനം | 70 | ചെലവ് ശതമാനം | 61% |

മേൽ നൽകിയ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്.

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇവ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

1) പ്രൊജക്റ്റ് രജിസ്റ്റർ

ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P)No 177/2006/Fin Dt 28.04.2006 പ്രകാരം എഴുതി സൂക്ഷിക്കാൻ നിർദ്ദേശിച്ച പ്രൊജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2)സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റ ർ

മരാമത്ത് പ്രവൃത്തികൾക്ക് വിവിധ കരാറുകാർ സമർപ്പിച്ച പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കരാറുകാർ നൽകുന്ന ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ, പ്രവൃത്തി ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് , പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി ഉൾപ്പെടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

Vi) പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ ഉൾപ്പെടുത്തുന്നില്ല .

മരാമത്ത് പ്രവൃത്തികൾക്ക് അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് കരാറുകളിൽ വ്യക്തമാക്കാതെയാണ് കരാർ ചമക്കുന്നത്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണം നടത്തിയ പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

I- പ്രൈവറ്റ് പാലിയേറ്റീവുകൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ [28/22]

| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |
|---|---|
| മരുന്നിന് ചെലവഴിച്ച തുക/ വൗച്ചർ നമ്പർ | ₹ 200000 |

മേൽ പ്രൊജക്റ്റ് പ്രകാരം 200000 രൂപ മുൻകൂർ നൽകിയതിൽ 115328 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത് ₹ 84672 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര.ന. | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf 3608/ 26.11.2021 | 100000 | Inv No 4326/14.06.22 | 11725 |
| | | | Inv No 4332/14.06.22 | 7809 |
| | | | Inv No 8884/22.08.22 | 11135 |
| | | | Inv No 11175/16.09.22 | 3251 |
| | | | Inv No 11641/20.09.22 | 702 |
| | | | Inv No 12156/26.09.22 | 2100 |
| | | | Inv No 14592/21.10.22 | 821 |
| | | | Inv No 14866/25.10.22 | 3087 |
| | | | Inv No 16068/05.11.22 | 663 |
| | | | Inv No 17385/16.11.22 | 4039 |
| | | | Inv No 17618/18.11.22 | 357 |
| | | | Inv No 18546/24.11.22 | 584 |
| | | | Inv No 19213/30.11.22 | 1705 |
| | | | Inv No 20213/16.12.22 | 743 |
| | | | Inv No 21596/03.01.23 | 1732 |

| | | | | |
|---|---|---|---|---|
| | | | Inv No 24221/30.01.23 | 99 |
| | | | Inv No 26971/14.03.23 | 184 |
| | | | ആകെ | 50736 |
| 2 | Prf 4085/ 14.12.2021 | 100000 | Inv No 4349/15.06.22 | 15156 |
| | | | Inv No 8859/22.08.22 | 2433 |
| | | | Inv No 8866/22.08.22 | 8677 |
| | | | Inv No 11176/16.09.22 | 7937 |
| | | | Inv No 11638/20.09.22 | 4221 |
| | | | Inv No 16063/05.11.22 | 2532 |
| | | | Inv No 16619/09.11.22 | 533 |
| | | | Inv No 16824/10.11.22 | 8071 |
| | | | Inv No 17614/18.11.22 | 7359 |
| | | | Inv No 17690/19.11.22 | 64 |
| | | | Inv No 18068/22.11.22 | 3789 |
| | | | Inv No 18451/24.11.22 | 584 |
| | | | Inv No 20315/16.12.22 | 297 |
| | | | Inv No 22619/10.01.23 | 198 |
| | | | Inv No 22960/12.01.23 | 443 |
| | | | Inv No 23027/13.01.23 | 2298 |
| | | | ആകെ | 64592 |
| | ആകെ | 2,00,000 | | 1,15,328 |

II) പരിരക്ഷ പാലിയേറ്റീവ് കെയർ പ്രവർത്തനം [ 27/22]

| ഫണ്ട് | പ്ലാൻ- ജനറൽ, ബ്ലോക്ക് ഫണ്ട്. |
|---|---|
| ചെലവ്/ വൗച്ചർ നമ്പർ | ₹ 132449 (21150652038601038275/01.02.2022)<br>₹ 60000 (21150652038601276661/08.03.2022) |
| ആകെ | 192449 |

മേൽ പ്രൊജക്റ്റ് പ്രകാരം ₹192449 രൂപ മുൻകൂർ നൽകിയതിൽ 108447 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹ 84002 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prf 4999/ 22.01.2022 | 132449 | Inv No 3732/05.06.2022 | 15955 |
| | | | Inv No 9182/24.08.2022 | 6026 |
| | | | Inv No 10786/13.09.2022 | 18620 |
| | | | Inv No 11953/23.09.2022 | 8677 |
| | | | Inv No 14816/25.10.2022 | 222 |
| | | | Inv No 16459/08.11.2022 | 950 |
| | | | Inv No 18616/24.11.2022 | 1167 |
| | | | Inv No 21493/28.12.2022 | 309 |
| | | | Inv No 23162/16.01.2023 | 1167 |
| | | | Inv No 24347/31.01.2023 | 11380 |
| | | | Inv No 24642/04.02.2023 | 1416 |
| | | | Inv No 25889/28.02.2023 | 590 |
| | | | ആകെ | 66479 |

| | | | | |
|---|---|---|---|---|
| | Prf 6222/ 25.02.2022 | 60000 | Inv No 4350/15.06.2022 | 4598 |
| | | | Inv No 5964/12.07.2022 | 19469 |
| | | | Inv No 8264/08.08.2022 | 8805 |
| | | | Inv No 10435/05.09.2022 | 6041 |
| | | | Inv No 10615/12.09.2022 | 1496 |
| | | | Inv No 16830/10.11.2022 | 1559 |
| | | | ആകെ | 41968 |

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/ 27.03.2023) KMSCL മായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭിക്കുന്ന മുറക്ക് സ്റ്റോക്കിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 അംഗൻവാടി പോഷകാഹാരം - പൊതു അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി പോഷകാഹാരം പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തിയ കുടുംബശ്രീ യൂണിറ്റുമായി ഗ്രാമ പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം മുതൽ വിതരണ സ്ഥാപനങ്ങളുമായി കരാർ ചമക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2) പഞ്ചായത്തിലെ അംഗൻവാടികളിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷൻ അതാത് കാലയളവിലെ ഉത്തരവുകൾ പ്രകാരം അഗീകരിച്ച യൂണിറ്റുകളെയാണ് വിതരണം ഏൽപ്പിക്കുന്നതെന്നും, 2023-24 സാമ്പത്തിക വർഷം മുതൽ ഇത് സംബന്ധിച്ച ഭരണ സമിതി അംഗീകാരം ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3) പദ്ധതിയുടെ ഭാഗമായി ബിസ്മി, കൈരളി, അന്നപൂർണ്ണ എന്നീ യൂണിറ്റുകൾ ഗ്രാവി പ്രോയും വിജയ് ആന്റ് ഓജസ്സി എന്ന യൂണിറ്റ് ന്യൂട്രിമിക്സ്, ന്യൂട്രിമാം എന്നിവയും വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ വിജയ് ആന്റ് ഓജസ്സി എന്ന കുടുംബശ്രീ യൂണിറ്റ് ന്യൂട്രിമിക്സ്, ന്യൂട്രിമാം എന്നിവയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. മറ്റു സ്ഥാപനങ്ങൾ ഗുണനിലവാര പരിശോധനയുടെ നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. വരും വർഷങ്ങളിൽ, പോഷകാഹാര വിതരണം നടത്തുന്ന യൂണിറ്റുകളിൽ നിന്നും ഗുണനിലവാര പരിശോധന റിപ്പോർട്ട് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ 25.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 5ന് നിർവ്വഹണ ഉദ്യോഗസ്ഥ തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ അപാകതകൾ പരിഹരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. തുടർ നടപടി വിവരം നിരീക്ഷിക്കുന്നതാണ്.

## 1-23 ന്യൂട്രിമാം കുറവായി ലഭിച്ചത് -ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് അപാകത പരിഹരിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 18/22 - അംഗൻവാടി പോഷകാഹാരം |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | ₹56,92,961/- (വികസന ഫണ്ട് പൊതു) +<br>₹30,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹10,00,000/- (തനത് ഫണ്ട്)<br>₹96,62,961 /- |

മേൽ പ്രോജക്ടിന്റെ ഭാഗമായി ന്യൂട്രിമിക്സ് വിതരണം നടത്തിയ വിജയ് & ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിന് താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം/തീയ്യതി, തുക | ഇൻവോയ്സിന്മേൽ അനുവദിച്ച തുക (₹) | ബിൽ വിവരം |
|---|---|---|---|
| 1 | 17/05.06.21, ₹3,02,983/- | 3,02,983 | BRN: 21150652038500229241, തീ. 23.07.21 |

| | | | |
|---|---|---|---|
| 2 | 18/05.06.21, ₹1,49,468/- | 1,42,350 | ₹12,96,317/- (വിജയ്&ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ് : ₹9,08,741/-) |
| 3 | 26/30.06.21, ₹2,99,949.3 | 2,99,949 | |
| 4 | 27/30.06.21, ₹1,63,459/- | 1,63,459 | |
| | ആകെ | 9,08,741 | |

ക്രമ നമ്പർ 4 ഇൻവോയ്സ് പ്രകാരം വാങ്ങിയ ന്യൂട്രിമാം ന്യൂട്രിമിക്സിന്റെ വിതരണ വിവരം സ്റ്റോക്ക് രജിസ്റ്റർ പേജ് 160, 161 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരം 479 Kg ന്യൂട്രിമാം ലഭ്യമാക്കിയതിന് പണം അനുവദിച്ചിട്ടുണ്ടെങ്കിലും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2021 ജൂലായ് മാസത്തിൽ അംഗൻവാടികളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളത് 386 Kg ന്യൂട്രിമാം ആണ്. 93 കിലോഗ്രാമിന്റെ വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് 25.03.23 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 6 നൽകിയതിനെ തുടർന്ന് 93 Kg ന്യൂട്രിമാം, മേൽ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ലഭ്യമാക്കി അംഗൻവാടികളിൽ വിതരണം ചെയ്തതിന്റെ രേഖ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. ന്യൂട്രിമിക്സ് വിതരണ വേളയിൽ ഇൻവോയ്സ് പ്രകാരമുള്ള അളവിൽ സാധനങ്ങൾ ലഭ്യമായതായി ഉറപ്പുവരുത്താനും, ലഭ്യമായ സാധനങ്ങൾക്ക് മാത്രം തുക അനുവദിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വാട്ടർടാപ്പ്-സംയുക്ത പരിശോധനക്ക് ശേഷവും നിരക്ക് കുറച്ചില്ല

ഗ്രാമ പഞ്ചായത്ത് 91 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 43892 രൂപ വീതം കേരള വാട്ടർ അതോറിറ്റിയിലേക്ക് അവരുടെ ഡിമാൻഡ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ അടവാക്കി വരുന്നുണ്ട്. 27.12.21, 28.12.21 എന്നീ തിയ്യതികളിലായി ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടിന്റെ ഫയൽ പരിശോധിച്ചതിൽ, പഞ്ചായത്തിൽ ആകെ ഉള്ള 111 ടാപ്പുകളിൽ 61 ടാപ്പുകൾ മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായി ഉള്ളതെന്നും 30 ടാപ്പുകൾ തകരാർ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുന്ന പക്ഷം ആകെ 91 എണ്ണം ഉപയോഗപ്രദമാക്കാമെന്നും ഏതൊക്കെയാണ് നില നിർത്തേണ്ടത്/ഒഴിവാക്കേണ്ടത് എന്നത് അറിയിക്കണമെന്നും താല്പര്യപ്പെട്ടു കൊണ്ട് 13.1.2022 ലെ DB2/AEE/PGI/Street Tap/2019(i) നം. പ്രകാരം പരപ്പനങ്ങാടി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനു കത്തു നല്കിയതായും, ആയതിനു പഞ്ചായത്തിന്റെ 23.8.2022 ലെ എ4-7322/2020 നം. കത്തിൽ "മേൽ സൂചിപ്പിച്ച 30 ടാപ്പുകളിലെ വാർഡ് 1-ൽ പെട്ട 3 ടാപ്പുകൾ സർവീസ് ചെയ്തു പ്രവർത്തനക്ഷമമാക്കാനും , ശേഷിക്കുന്ന 27 എണ്ണം പൂർണമായി നിർത്തലാക്കാനും , 1/09/2022 മുതൽ അടവാക്കിയ പ്രതിമാസ ബിൽ തുകകൾ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച് പ്രവർത്തന ക്ഷമമായതിനു മാത്രമായി തുക നിർണയിച്ചു നല്കുന്നതിനുമായി അറിയിച്ചു കൊണ്ട് മറുപടി നല്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ നാളിതു വരെ തുടർ നടപടി സ്വീകരിക്കാത്തതിനാൽ മുഴുവൻ ടാപ്പുകൾക്കും വാട്ടർ ചാർജ് അടച്ചു കൊണ്ടിരിക്കുകയാണ്. മാത്രമല്ല. 12.2.2023 ൽ ലഭ്യമായ ഡിമാന്റ് നോട്ടീസിൽ പ്രതിമാസ തുക 1,10406 രൂപയാക്കി വർദ്ധിപ്പിച്ചതായും (ടാപ്പ് ഒന്നിനു പ്രതിമാസം 1213.26 രൂപ നിരക്കിൽ 91 ടാപ്പുകൾക്ക്) കാണുന്നു.
ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സംയുക്ത പരിശോധനയ്ക്ക് ശേഷവും പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് തുകയൊടുക്കാൻ ഇടയായ സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്. അന്വേഷണക്കുറിപ്പിന് (21 /28-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ രേഖകൾ പരിശോധിച്ചതിൽ എഞ്ചിനിയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ സ്കൂൾ കെട്ടിടങ്ങൾ പൂർണ്ണമായി നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.
വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾ |
|---|---|---|
| മൂന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ | 10/357 A-338.25 Sqm (GF) 351.27( FF) | 12.57m X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (GF) =76.68 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (GF) = |

| | | | |
|---|---|---|---|
| | | 351.27 (SF)<br>49.99 (TF)<br>10/ 357 To 373 – 36 Sqm Each (GF) = 36*17 = 612<br>Total - 1702.78 Sqm | 74.42 $M^2$<br>12.57 M X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (FF) =76.68 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (FF) = 74.42 M2<br>9.55 M X 6.1 M വിസ്തൃതിയുള്ള 4 റൂമുകൾ (SF) = 233.02 $M^2$<br>9.55 M X 6.1 M വിസ്തൃതിയുള്ള 4 റൂമുകൾ (TF) = 233.02 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 6 റൂമുകൾ (GF) = 223.26 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 3 റൂമുകൾ (FF) = 111.63 $M^2$<br>20 M X 6.1 M വിസ്തൃതിയുള്ള 1 റൂമുകൾ (FF) =122 $M^2$<br>20 M X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (SF) = 244$m^2$<br>20 M X 6.1 M വിസ്തൃതിയുള്ള 2 റൂമുകൾ (TF) = 244 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 8 റൂമുകൾ (GF &FF) = 297.68 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 14 റൂമുകൾ (GF &FF) = 520.94 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 7 റൂമുകൾ (SF) = 260.47 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 14 റൂമുകൾ (GF &FF) = 520.94 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 12 റൂമുകൾ (GF &FF) = 446.52 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 6 റൂമുകൾ (SF) = 223.26 $M^2$<br>ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം 3982.94 $M^2$ ഉണ്ട്. വരാന്ത, ഗോവണി മറ്റ് അനിവാര്യ നിർമ്മിതികൾ എന്നിവ ഉൾപ്പെടുമ്പോൾ വിസ്തീർണ്ണം ഇനിയും വർദ്ധിക്കും |
| | AMUPS കുന്നത്ത്പറമ്പ് | 15/ 617 A – 145.11 (GF), 145.11( FF)<br>617 B - 168.89 (GF)<br>617 C - 191.43 (GF)<br>TOTAL - 650.54 Sqm | 14.5m X 4.55 M വിസ്തൃതിയുള്ള 3 റൂമുകൾ (GF) =65.975 $M^2$<br>12.95 M X 3.65 M വിസ്തൃതിയുള്ള 3 റൂമുകൾ (GF) = 47.27 $M^2$<br>24.55 M X 6.25 M വിസ്തൃതിയുള്ള കെട്ടിടം (GF) =153.44 $M^2$<br>18.45 M X 6.25 M വിസ്തൃതിയുള്ള കെട്ടിടം (GF) = 115.31 $M^2$<br>6.15 M X 5.6 M വിസ്തൃതിയുള്ള കെട്ടിടം (GF) = 34.44 $M^2$ |

| | | | |
|---|---|---|---|
| | | | 19.05 M X 6.15 M വിസ്തൃതിയുള്ള കെട്ടിടം (GF) = 117.16 $M^2$<br>6.13 M X 6.1 M വിസ്തൃതിയുള്ള കെട്ടിടം (GF) = 37.39$m^2$<br>6.15 M X 6.2 M വിസ്തൃതിയുള്ള 6 റൂം കെട്ടിടം (GF) = 228.78 $M^2$<br>6.15 M X 6.2 M വിസ്തൃതിയുള്ള 6 റൂം കെട്ടിടം (FF) =228.78 $M^2$<br>6.15 M X 6.2 M വിസ്തൃതിയുള്ള 2 റൂം കെട്ടിടം (SF) = 76.26 $M^2$<br>6.2 M X 6.2 M വിസ്തൃതിയുള്ള 1 റൂം കെട്ടിടം (SF) =38.44 $M^2$<br>6.35 M X 6.2 M വിസ്തൃതിയുള്ള 1 റൂം കെട്ടിടം (SF) = 39.37 $M^2$<br>6.50 M X 6.2 M വിസ്തൃതിയുള്ള 2 റൂം കെട്ടിടം (SF) = 80.6 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 2 റൂം കെട്ടിടം (GF) = 74.42 $M^2$<br>6.23 M X 6.1 M വിസ്തൃതിയുള്ള 1 റൂം കെട്ടിടം (GF) = 38 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 2 റൂം കെട്ടിടം (FF) = 74.42 $M^2$<br>6.23 M X 6.1 M വിസ്തൃതിയുള്ള 1 റൂം കെട്ടിടം (FF) = 38 $M^2$<br>ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം 1488.26 M2 ഉണ്ട്. വരാന്ത, ഗോവണി മറ്റ് അനിവാര്യ നിർമ്മിതികൾ എന്നിവ ഉൾപ്പെടുമ്പോൾ വിസ്തീർണ്ണം ഇനിയും വർദ്ധിക്കും |
| | VJ പള്ളി എ.എം.യു.പി സ്കൂൾ വെളിമുക്ക് | 21/247 - 560 Sqm (GF) | 12.15 M X 6.1 M വിസ്തൃതിയുള്ള റൂം കെട്ടിടം (GF) = 74.12 $M^2$<br>24.35 M X 6.1 M വിസ്തൃതിയുള്ള കെട്ടിടം (GF) = 148.55 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 3 റൂം കെട്ടിടം (GF) = 111.63 $M^2$<br>12.18 M X 6.1 M വിസ്തൃതിയുള്ള കെട്ടിടം (GF) = 74.30 M2<br>18.25 M X 5.45 M വിസ്തൃതിയുള്ള കെട്ടിടം (GF) = 99.46 M2<br>12.5 M X 6.1 M വിസ്തൃതിയുള്ള കെട്ടിടം (GF) = 76.25 M2<br>6.15 M X 6.15 M വിസ്തൃതിയുള്ള 2റൂം കെട്ടിടം (GF) = 75.65 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 1റൂം കെട്ടിടം (GF) =37.21 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 7റൂം കെട്ടിടം (GF) = 260.47 $M^2$ |

| | | | |
|---|---|---|---|
| | | | 6.15 M X 6.25 M വിസ്തൃതിയുള്ള 2റൂം കെട്ടിടം (GF) = 76.88 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള 5റൂം കെട്ടിടം (GF) = 186.05 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള4റൂം കെട്ടിടം (GF) = 148.84$m^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള4റൂം കെട്ടിടം (FF) = 148.84 $M^2$<br>6.1 M X 6.1 M വിസ്തൃതിയുള്ള4റൂം കെട്ടിടം (SF) = 148.84 $M^2$<br>ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം 1667.09 M2 ഉണ്ട്. വരാന്ത, ഗോവണി മറ്റ് അനിവാര്യ നിർമ്മിതികൾ എന്നിവ ഉൾപ്പെടുമ്പോൾ വിസ്തീർണ്ണം ഇനിയും വർദ്ധിക്കും |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് അനധികൃത നിർമ്മിതികൾ ഉണ്ട് എന്ന് വ്യക്തമായത്.

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിക്കപ്പെട്ടതാണോ എന്നത് ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പു വരുത്തേണ്ടതായിരുന്നു. ഇത്തരത്തിലുള്ള പരിശോധനകളൊന്നും നടത്താതെ പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയാണ് ചെയ്തത്.

അപാകത പരാമർശിച്ച് നൽകിയ 28.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 16ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും അറിയിച്ചു.അനധികൃത നിർമ്മിതികൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമായി.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ, 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ, 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ, 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ, 15.02.21 ലെ ഇ.ഡബ്ല്യുഎ3/179 /2020ത.സ്വ.ഭ.വ പ്രകാരം വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ്. മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണം വരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2021-22 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.03.202023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 മെഡിക്കൽ ഓഫീസർ ആയുർവേദം- SIDCO യിൽ നിന്നുള്ള വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണോദ്യോഗസ്ഥനായി ആയുർവേദ ആശുപത്രിയിലേക്ക് താഴെ പറയുന്ന സാധന സാമഗ്രികൾ SIDCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്

പ്രൊജക്ട് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ട് നമ്പര് | SO 216/22 |
| പ്രൊജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | 284000/- MG (NR) |
| ചെലവ്- | 284000/- |
| ബിൽ നം | BRN- 211506520387015090004/30.03.2022 |
| സാധന സാമഗ്രികൾ സപ്ലൈ ചെയ്ത ഏജൻസി- | SIDCO മാർക്കറ്റിംഗ് സെന്റർ, കോട്ടയം |
| ഇൻവോയ്സ് നമ്പർ | KTM/21-22/114 Dated 18.02.2022 |
| SIDCO A/C No | 67381766541 IFSC -SBIN0070652 |

ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ എന്നാണ് പ്രൊജക്ടിന്റെ പേരെങ്കിലും മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം ഡോക്ടറുടെ കാബിനും മറ്റും സജ്ജീകരിക്കുന്നതിന് വേണ്ടി SIDCOയിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ സാധന സാമഗ്രികൾ വാങ്ങുകയും, പൊതു മരാമത്ത് മാനുവലിലെ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ നിർവഹണച്ചുമതല SIDCOയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| SL.No | HSN/SAC No | Item Name | Quantity | Unit Price | Gross Value |
|---|---|---|---|---|---|
| 1 | 9403 | Cabin<br>Doctors Cabin<br>1530x210 Cm Size<br>Material Aluminium Fabrication<br>Partition With Door<br>Mostly Door Locking Facility Available | 1 | 141270 | 141270 |
| 2 | 9403 | Almira<br>198x90x45 Cm<br>18 Mm Prelaminated Board<br>For All Size Take,<br>Double Door Facility<br>Provided Good Quality Lock And Handle | 2 | 11000 | 22000 |
| 3 | 9403 | Table<br>Special Table<br>90x60x75 Cm Size<br>Material 18 Mm Pre-laminated Board | 1 | 7550 | 7550 |

| | | | | | |
|---|---|---|---|---|---|
| | | Mustly Key Board And Drawer Including Cabin Provision -Provided Good Quality Lock And Handle | | | |
| 4 | 9403 | Table<br>Special Table<br>90x60x75 Cm Size<br>Material 18 Mm Pre-laminated Board<br>Mustly Key Board And Drawer Including Cabin Provision -Provided Good Quality Lock And Handle | 1 | 9700 | 9700 |
| 5 | 9403 | Revolving Chair | 3 | 6970 | 20910 |
| 6 | 9019 | Fibre Dhara Pathi 8'x30' | 1 | 19140 | 19140 |
| 7 | 9019 | Dhara Pathi<br>Stand<br>Wooden Plain | 1 | 12430 | 12430 |
| 8 | 9403 | Almirah<br>168x83x43 Cm<br>Material 18mm Pre-laminated Board<br>For All Size Take,<br>Double Door Facility | 1 | 9283 | 9283 |
| | | Total | | | 242283 |
| | | | | CGST | 20858.37 |
| | | | | SGST | 20858.37 |
| | | | | Round Off | 0.26 |
| | | ഒട്ടാകെ | | | 284000 |

SIDCO യിൽ നിന്നും മേൽ പറഞ്ഞ സാധനങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

(1) സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 1/2021/SPD Dt. 05.01.2021, GO(RT) 27/2020/SPD Dt. 31.12.2020). എന്നാൽ ഉത്തരവിൽ ഉൾപ്പെടാത്ത സാധന- സാമഗ്രികൾ ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത Invoice പ്രകാരം വാങ്ങിയത് ചട്ട പ്രകാരമല്ല. GO(RT)26/2015/SPD/Dated 28.05.2015 ഉത്തരവിനോട് അനുബന്ധമായി ചേർത്ത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധന സാമഗ്രികൾ SIDCO യിൽ നിന്നും സർക്കാർ ഉത്തരവിനു വിരുദ്ധമായി ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

( 2) പ്രസ്തുത സാധന സാമഗ്രികൾ SIDCO നേരിട്ട് ഉൽപ്പാദിപ്പിക്കുന്നതാണെന്ന SIDCO യിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(3) മേൽ പറഞ്ഞ Invoice-ലെ- കാബിൻ പ്രവൃത്തികൾ ടെണ്ടർ കൂടാതെ സിഡ്കോയെ ഏൽപ്പിക്കാവുന്നതല്ല. സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും , പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് മേൽ പറഞ്ഞ പ്രവൃത്തി നിർവഹിച്ചിട്ടുള്ളത്. അവയുടെ നിരക്ക് കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.
ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ 23/29-03-2023 നമ്പർ അന്വേഷണ കുറിപ്പിന് ഇക്കാര്യത്തിനായി സിഡ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതുമാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിശദമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 284000 രൂപ തടസ്സം ചെയ്യുന്നു.

## 1-28 ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം , വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിഅക്കൗണ്ട് നിലനിർത്തിപ്പോരുന്നതായും 31.3.2022 ന് 17851 രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ഈ അക്കൗണ്ടിൽ കാലാകാലങ്ങളിൽ പലിശ വരവു വെക്കുന്നതല്ലാതെ യാതൊരു ഇടപാടുകളും നടന്നതായി കാണുന്നില്ല.ദുരിതാശ്വാസ നിധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/28.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾചട്ട പ്രകാരം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് .

## 1-29 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 29.01.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 മാർച്ച് മാസത്തോടെ അവസാനിച്ചിരിക്കുകയാണ്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചിത കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

<u>പദ്ധതിയുടെ വിശദ വിവരങ്ങൾ</u>

ഗുണഭോക്താക്കൾ - 71 (പദ്ധതി കാലയളവിൽ 21 ഗുണഭോക്താക്കൾ സ്വയം ഒഴിവായി, ഒരാൾ മരണപ്പെട്ടു )
ആകെ അടങ്കൽ - 22518210

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 779403 | 777403 | 774404 | 2331210 |
| പ്ലാൻ ഫണ്ട് | 6592000 | 6592000 | 6592000 | 19776000 |
| സ്പോൺസർഷിപ്പ് | 137000 | 137000 | 137000 | 411000 |
| | | | ആകെ | 22518210 |

<u>വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ</u>

| | |
|---|---|
| ഭക്ഷണം | 2005200 |
| ചികിത്സ | 78000 |
| ഭൂമി | 2250000 |
| ഭവന നിർമ്മാണം | 14800000 |
| വിദ്യാഭ്യാസം | 107000 |
| ഭവന പുനരുദ്ധാരണം | 2300000 |
| വെള്ളം | 210000 |
| വസ്ത്രം | 411000 |
| മെഡിക്കൽ ക്യാമ്പ് | 15000 |
| വൈദ്യുതി | 216000 |
| റിസർവ് ഫണ്ട്, പലവക | 126010 |

| | |
|---|---|
| ആകെ | 22518210 |

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 3/22 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 1887641 | 1518083 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 300000 | 300000 |
| VEO മുഖേന ആനുകൂല്യം നൽകിയത് | 400000 | 400,000 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| ഇനം | ആനുകൂല്യം ലഭിച്ചവർ | ചെലവ് |
|---|---|---|
| ഭക്ഷണം | 71 | 1465098 |
| ഭവന നിർമ്മാണം | 1 | 400000 Life പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടു |
| വിദ്യാഭ്യാസം | 25 | 52985 |
| ഭവന പുനരുദ്ധാരണം | 3 | 172719 |
| വെള്ളം | 1 | 4100 |

ഓഡിറ്റ് വിലയിരുത്തൽ

I.അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

1.ഭക്ഷണം,ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി, വിദ്യാഭ്യാസം, ചികിത്സ , കുടിവെള്ളം, വൈദ്യുതി, തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

2.ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|
| ഭക്ഷണം | 71 ( 22 കുടുംബങ്ങൾ സ്വയം ഒഴിവായതിനാൽ നിലവിൽ 49 ) | 2005200 | 71 | ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ₹1465098 ആനുകൂല്യം നൽകി. |
| ചികിത്സ | 26 | 78000 | വിവരം ലഭ്യമല്ല. | രോഗികൾക്ക് സർക്കാർ ആശുപത്രികൾ മുഖേന ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നുണ്ട്. |
| ഭൂമി | 15 (4 കുടുംബങ്ങൾ സ്വന്തം നിലക്ക് ഭൂമി വാങ്ങി. ) | 2250000 | 0 | നാളിതുവരെ ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | നിലവിൽ ബാക്കി- 11 | | | |
| ഭവന നിർമ്മാണം | 37 | 14800000 | 1 | LIFE ഭവന പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി |
| വിദ്യാഭ്യാസം | 25 | 107000 | 25 | ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ₹52985 ആനുകൂല്യം നൽകി. |
| ഭവന പുനരുദ്ധാരണം | 23 | 2300000 | 3 | പ്ലാൻ ഫണ്ട് ഉപയോഗിച്ച് ₹172719 ആനുകൂല്യം നൽകി. |
| വെള്ളം | 42 | 210000 | 1 | പ്ലാൻ ഫണ്ട് ഉപയോഗിച്ച് ₹4100 ആനുകൂല്യം നൽകി. (വാട്ടർ കണക്ഷൻ) |
| വസ്ത്രം | | 411000 | 0 | ഗുണഭോക്താക്കൾക്ക് ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. |
| മെഡിക്കൽ ക്യാമ്പ് | | 15000 | 0 | നടത്തിയിട്ടില്ല |
| വൈദ്യുതി | 24 | 216000 | | ഗുണഭോക്താക്കൾക്ക് ആർക്കും ആനുകൂല്യം നൽകിയിട്ടില്ല. |

3.വീട് നിർമ്മാണത്തിൽ 2.7 % , വീട് റിപ്പയർ 13%, , കുടിവെള്ളം 2.4% മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്. ഭൂമി നൽകുന്നതിന് 15 ഗുണഭോക്താക്കളെ കണ്ടെത്തി എങ്കിലും പദ്ധതി മുഖേന നാളിതുവരെ ആർക്കും സഹായം നൽകിയിട്ടില്ല.

II. പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള വിലയിരുത്തൽ സമിതി പദ്ധതി കാലയളവിൽ ആകെ 6 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വിലയിരുത്തൽ സമിതി പദ്ധതി സമഗ്രമായി വിലയിരുത്തി തീരുമാനങ്ങൾ എടുക്കാത്തതിനാൽ ഗുണഭോക്താക്കളുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് പരിശോധിക്കാനാവുന്നില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെയും പദ്ധതിയുടെ കാലയളവായ മൂന്ന് വർഷം അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ കാലാവധി സർക്കാർ നീട്ടി നൽകിയിട്ടുണ്ട്.

ആയതിനാൽ പദ്ധതി ഗുണഭോക്താക്കളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമായ പഠനം നടത്തി അതിനനുസരിച്ച് പദ്ധതി ലക്ഷ്യങ്ങൾ പുനർ നിർണ്ണയിച്ച് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റ് അഭിപ്രായങ്ങൾ 27/29-03-2023 ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖേന ശ്രദ്ധയിൽ പെടുത്തിയതിന് പദ്ധതി നിർവ്വഹണം ഫണ്ട് ലഭ്യതക്കനുസരിച്ച് മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ടെന്നും വികസനഫണ്ട് ലഭ്യമാകുന്നതിലെ കുറവാണ് പോഷകാഹാര വിതരണത്തിന് പുറമെയുള്ള സേവനങ്ങൾ പൂർത്തിയാക്കാൻ സാധിക്കാത്തത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇക്കാര്യത്തിലെ ഓഡിറ്റ് നിരീക്ഷണങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 സമഗ്ര നെൽ കൃഷി വികസനം- രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ 19/22 സമഗ്ര നെൽകൃഷി വികസനം

അടങ്കൽ 2925325 രൂപ ( വികസന ഫണ്ട്-പൊതു വിഭാഗം)

ചെലവ്- 2518750 രൂപ.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി കർഷകർക്ക് കൂലിച്ചെലവ്, സബ്സിഡി നൽകുന്നതിന് ചെലവഴിച്ച 2518750 രൂപയിൽ താഴെ പറയും പ്രകാരം 1463496 രൂപയുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ.നം | ബിൽ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21150652038201067635/6.2.22 | 196860 | 18 കർഷകർക്ക് അനുവദിച്ചത് |
| 2 | 21150652038201067634/6.2.22 | 498712 | 43 കർഷകർക്ക് അനുവദിച്ചത് |
| 3 | 21150652038201131988/15.2.22 | 767924 | 54 കർഷകർക്ക് അനുവദിച്ചത് |

ഫയലുകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 18/28-03-2023 നമ്പർ അന്വേഷണകുറിപ്പിന് മറുപടിയായി 31.05.2022 ന് രാത്രിയിലെ ശക്തമായ മഴയിൽ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് ഡ്രെയിനേജ് സംവിധാനത്തിലെ തടസ്സങ്ങളും കൃഷിഭവൻ കെട്ടിടത്തോട് ചേർന്നുള്ള സ്വകാര്യ വസ്തുവിലെ നിർമ്മാണ പ്രവർത്തനങ്ങളും കാരണം വെള്ളം കയറി ഫയലുകൾ നശിച്ചതായി അറിയിച്ചു. മറുപടിയോടൊപ്പം പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും നൽകിയ റിപ്പോർട്ടും പരപ്പനങ്ങാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ സന്ദർശനം നടത്തി സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടും ഹാജരാക്കി.

ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനവും സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്

## 1-31 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക , സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കുക, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ വർക്കിംഗ് ഗ്രൂപ്പ് ബാധ്യസ്ഥമാണ്.

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രോഡീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യതയാണ് . 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി മാത്രം യോഗം ചേർന്നതായി കണ്ടു. പരമാവധി 2 യോഗമാണ് മിക്ക ഗ്രൂപ്പിലും നടന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമ പഞ്ചായത്തിനു നടപ്പാക്കാൻ സാധിക്കാതെ വരുന്നതിന് കാരണമായിട്ടുണ്ടാകാം. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന് നേതൃത്വം വഹിക്കേണ്ടത് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. ഓരോ പദ്ധതികൾക്കും അംഗീകാരം ലഭിച്ചതിന് ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗും പഞ്ചായത്തിൽ കാര്യക്ഷമമല്ല. പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത്. ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണം വിലയിരുത്തുകയോ ആയതിന്റെ ഫലപ്രാപ്തി ഉറപ്പ് വരുത്തുകയോ ചെയ്തതായി മിനട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏതാനും മിനുറ്റ്സ് ബുക്കുകൾ മാത്രമാണ് സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തു കാണുന്നത്. ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിന് മുന്നോടിയായി

വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 27.1.2021-ന് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തെ തുടർന്നുള്ള കാലയളവിൽ ഒരു യോഗം പോലും ചേർന്നതായി കാണുന്നില്ല. 2021-22 സാമ്പത്തിക വർഷത്തെ വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശകലനം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തിയതി | പങ്കെടുത്തവർ | തീരുമാനങ്ങൾ |
|---|---|---|---|---|
| 1 | ആരോഗ്യം | 6.1.22 | 5 | 8 |
| 2 | പട്ടിക ജാതി | 6.1.22 | 11 | 9 |
| 3 | ദാരിദ്ര്യ ലഘൂകരണം | 6.1.22 | 8 | 6 |
| 4 | ശുചിത്വം, കുടിവെള്ളം | 6.1.22 | 7 | 5 |
| 5 | പൊതുമരാമത്ത് | 6.1.22 | 5 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |
| 6 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 6.1.22 | 4 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 6.1.22 | 4 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |
| 8 | സാമൂഹ്യ ക്ഷേമം | 6.1.22 | 10 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |
| 9 | കൃഷിയും അനുബന്ധമേഖലയും | 6.1.22 | 11 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |
| 10 | കണക്കുകൾ രേഖകൾ തയ്യാറാക്കൽ,ജന സേവനം കാര്യക്ഷമമാക്കൽ | 6.1.22 | 4 | 4 |
| 11 | പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 6.1.22 | 6 | 5 |
| 12 | പ്രാദേശിക സാമ്പത്തിക വികസനം | 6.1.22 | 6 | 8 |
| 13 | വിദ്യാഭ്യാസം | 6.1.22 | 9 | രേഖപ്പെടുത്തിയിട്ടില്ല/തിയതി ഇല്ല |

അപാകതകൾ പരിഹരിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 GST തെറ്റായി അനുവദിച്ചു - ₹131185 അധികച്ചെലവ്

GST വിഹിതം പ്രത്യേകമായി വകയിരുത്തി നൽകാൻ അർതയില്ലാത്ത എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ GST വിഹിതം പ്രത്യേകമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയത് ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 /Fin നമ്പർ സർക്കുലറിലാണ്.

VAT/GST വിഹിതം ഒഴിവാക്കി കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി PWD പ്രസിദ്ധീകരിച്ചത് 06.03.2019 ന് ആണ്. ഇതനുസരിച്ച് മലപ്പുറം ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 131.06 ആണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിൽ മേൽ കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി പ്രൈസ് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തിയത് 26.03.2019 മുതലാണ്. 31.06% കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കി 26.03.2019 മുതൽ അംഗീകാരം നൽകുന്ന എസ്റ്റിമേറ്റുകളിൽ മാത്രമെ GST വിഹിതം പ്രത്യേകമായി അനുവദിക്കാനാവൂ .

എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി GST വിഹിതം പ്രവൃത്തികളുടെ നിരക്കിൽ തന്നെ ഉൾപ്പെടുന്ന 37.25% എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ബിൽ നൽകിയപ്പോൾ 12% GST വിഹിതം അധികമായി ഉൾപ്പെടുത്തി പണം നൽകിയത് വഴി പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

വിശദ വിവരം താഴെ നൽകുന്നു.

1- പ്രവൃത്തി - വിവിധ അംഗൻവാടി ഇന്റർലോക്ക് ചുറ്റുമതിൽ നിർമ്മാണം ( 145/22)

എസ്റ്റിമേറ്റ് നമ്പർ – 2018/ 138298

സാങ്കേതികാനുമതി – 10821/18-19 Dt 04.01.2019 ₹810,000 (CI 37.25%)

പുതുക്കിയ എസ്റ്റിമേറ്റ്- 1082112/18-19 Dt 13.03.2020

കരാറുകാരൻ – ശ്രീ അബ്ദുൽ അസീസ് EK

കരാർ - 32/19-20/AE/MNR Dt 09.01.2020

എം ബുക്ക് - 190/18-19

മൂല്യനിർണ്ണയം – 553038.31 രൂപ

| കരാറുകാരന് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|
| ₹ 619403<br>( 553038.3 + 66364.6 (12% GST)<br>(ബിൽ നം 21150652038300380191/ 06.09.2021) | ₹553038<br>(മൂല്യ നിർണ്ണയ തുക) | 66365 |

GST വിഹിതം പ്രത്യേകമായി അനുവദിക്കാൻ അനുമതിയില്ലാത്ത എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ ₹66365 ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽ പരിശോധിച്ച് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/25.03.2023) പരാമർശം പണം നൽകിയ കാലയളവിലെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

2- പ്രവൃത്തി - ചേളാരിപറമ്പ് ഡ്രൈനേജിന് സ്ലാബിടുക  ( 143/22)

എസ്റ്റിമേറ്റ് നമ്പർ – 2018/ 93670

സാങ്കേതികാനുമതി – 61926/18-19 Dt 03.07.2018 ₹1200000 (CI 37.25%)

പുതുക്കിയ സാങ്കേതികാനുമതി - 61926/18-19 Dt 25.12.2018 ₹695000

കരാറുകാരൻ – ശ്രീ അബ്ദുൽ അസീസ് EK

കരാർ - 9/18-19/AE/MNR Dt 22.09.2018

എം ബുക്ക് - 187/18-19

മൂല്യനിർണ്ണയം – 540164 രൂപ

| കരാറുകാരന് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|
| 604984<br>( 540164 + 64820 12% GST)<br>₹404984- Vr No 22100449/24.09.2021) ,₹200000-BillNo 21150652038300595117/ 01.11.2021 ) | ₹540164<br>(മൂല്യ നിർണ്ണയ തുക) | 64820 |

GST വിഹിതം പ്രത്യേകമായി അനുവദിക്കാൻ അനുമതിയില്ലാത്ത എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ GST വിഹിതം ഉൾപ്പെടുത്തി പണം നൽകിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ ₹64820 ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ , ബിൽ പരിശോധിച്ച് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.- 4/22.03.2023 ) പരാമർശം പണം നൽകിയ കാലയളവിലെ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വാർഷിക ധനകാര്യപത്രിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 2021-2022 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതി നം, പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,43,500 | 9/22 - ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 5,43,500 | 0 |
| | 76,000 | 14/22 - ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 76,000 | 0 |
| | 25,000 | 10/22 - ഭൂമി വാങ്ങൽ ലൈഫ് (എസ്.സി) | 25,000 | 0 |
| | 1,39,924 | 24/22 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ | 1,39,924 | 0 |
| | 2,99,535 | 27/22 - പരിരക്ഷ പാലിയേറ്റീവ് കെയർ | 2,99,535 | 0 |
| | 5,00,000 | 67/22 - അഞ്ചുകള്ളി-കൊല്ലംപുറായ റോഡ് റീടാറിങ്ങ് | 5,00,000 | 0 |
| | 3,00,000 | 104/22 - കുട്ടശ്ശേരി പറമ്പ് റോഡ് റീടാറിങ്ങ് | 3,00,000 | 0 |
| ആകെ | 18,83,959 | | 18,83,959 | 0 |
| ജില്ലാ പഞ്ചായത്ത് | 10,00,000 | 9/22 - ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 10,00,000 | 0 |
| | 3,20,000 | 14/22 - ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 3,20,000 | 0 |
| | 11,00,000 | 24/22 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ | 11,00,000 | 0 |
| | 4,04,984 | 143/22 - ചേളാരിപറമ്പ് ഡ്രൈനേജിന് സ്ലാബിടൽ | 4,04,984 | 0 |
| ആകെ | 28,24,984 | | 28,24,984 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ/ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KSEB | 220/22 – ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ – KSEB യ്ക്ക് തുക നൽകൽ | വൗച്ചർ 22100952, തീ.30.03.22 | 1,47,107 | 0 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 1,47,107 |
| | | ആകെ | 1,47,107 | 0 | | 1,47,107 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 2,96,16,813 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 21,57,943 (പലിശ വരവ്) |
| ആകെ (₹) | 3,17,74,756 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 3,17,74,756 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ |
|---|---|---|
| തിരൂരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,19,02,670 | 20150007623/01.09.21 |
| -ടി- | 35,70,801 | 20150007624/01.09.21 |
| -ടി- | 23,80,535 | 20150007625/01.09.21 |
| -ടി- | 56,73,658 | 20150007774/14.05.21 |
| -ടി- | 16,42,030 | 20160013928/01.04.21 |
| വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 49,15,872 | 20150008039/29.11.21 |
| -ടി- | 8,30,077 | 13252/20.04.21 |
| -ടി- | 2,15,749 | 4593/19.04.21 |
| -ടി- | 6,43,364 | 19678/20.04.21 |
| ആകെ | 3,17,74,756 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2013-14 , 2014-15 | 3-5 | 14,000 | ശ്രീമതി.വനജ.കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 121010900072/ 31.03.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002 ഖണ്ഡിക 18 | 2004-05 ഖണ്ഡിക3.10.1.7 | പദ്ധതിപ്പണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 ഖണ്ഡിക 2-1,2-2 | 2016-17 | പൊതു പരാമർശം | തുടരുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് വിവരം | തുക (₹) | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 2007-08 | 3-1 | പി.ചന്ദ്രശേഖരൻ സെക്രട്ടറി | LF8587/ Sp.cell/ SC-D1/12/ 04.12.14 | 5320 | 5320 | 0 | Rt. 11402500019/ 31.12.14 |
| | 3-8 | എം.സി ജാഫർഷെരീഫ്, അസി.എഞ്ചിനീയർ | LF6083/ Spl.Cell/ C-D1/12/ 21.2.15 | 396748 | 0 | 396748 | OP191/15 Allowed 14.12.17 |
| 2008-09 | 3-12 | കെ.രാധാകൃഷ്ണൻ, എച്ച്.എം | LF6083/ Spl.cell/ SC-D1/12/ 20.2.15 | 510058 | 0 | 510058 | WP© 35821/15 Stay 26.11.15 |
| 2011-12 2012-13 | 3-7 | മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | LF5819/ Spl.cell/ CSC-D1/ 15/14.12.17 | 8637 | 8637 | 0 | Rt. 11602100076/ 4.4.16 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 24,49,60,412 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 17,80,56,233 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 1,31,185 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 30,81,107 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹ 1,31,-185 | ശ്രീ.ജോർജ്ജ് സക്കറിയ, അസി.എഞ്ചിനീയർ ( ₹ 65,593) ശ്രീ. എ.മാധവൻ, അസി. |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർ (₹ 65,592) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 27,97,107 | ശ്രീ. റ്റിജി തോമസ്,സെക്രട്ടറി |
| 1-27 | 2,84,000 | ശ്രീ. ഡോ. രഘുനാഥൻ. എ. , മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 30,81,107 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോർജ്ജ് സക്കറിയ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മഴവന്നൂർ ഗ്രാമപഞ്ചായത്ത് ഐരാപുരം എറണാകുളം - 683541 | അയ്യംകുളങ്ങര (വീട്) മേക്കടവ് (പി.ഒ) മൂവാറ്റുപുഴ എറണാകുളം – 682316 |
| ശ്രീ. എ.മാധവൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | ആലയിൽ, ഉദിനൂർ സൗത്ത്, ഉദിനൂർ (പി.ഒ), കാസർഗോഡ് -671310 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 (പദ്ധതി ചെലവ്) | എൽ എഫ് എം 14/878/04 തിയ്യതി 26.10.10 | 25 |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | കെ.എസ്.എ.എം.പി.എം 15/1540/19 തിയ്യതി 09.08.21 | 4 |

| | | |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം 15/1540/19(1) തിയ്യതി 09.08.21 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 15/1540/19(3) തിയ്യതി 09.08.21 | 10 |
| 2006-07 | കെ.എസ്.എ.എം.പി.എം 15/1540/19(4) തിയ്യതി 09.08.21 | 19 |
| 2007-08 | കെ.എസ്.എ.എം.പി.എം 15/1540/19(5) തിയ്യതി 09.08.21 | 14 |
| 2008-09 | കെ.എസ്.എ.എം.പി.എം 15/1540/19(6) തിയ്യതി 09.08.21 | 15 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം 15/2787/19(7) തിയ്യതി 09.08.21 | 11 |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം 15/2145/22 തിയ്യതി 30.09.2022 | 2 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.15/777/16 തിയ്യതി 19.05.16 | 20 |
| 2015-16 | കെ എസ് എ.എംപിഎം.15/166/20 തിയ്യതി: 09.06.20 | 12 |
| 2016-17 | കെ.എസ്.എ എം.പി.എം 15/88/2020 20.06.2020 | 23 |
| 2017-18 | കെ.എസ്.എ എം.പി.എം 15/2084/2018 24.01.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം.15/20/2020 09.12.2020 | 10 |
| 2019-20 | കെ.എസ്.എ എം.പി.എം.15/1996/2021 22.09.2022 | 23 |
| 2020-21 | കെ.എസ്.എ എം.പി.എം.15/1997/2021 22.09.2022 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്